**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1369** **07-10-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷനിൽ പി.എ. തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരതാ മിഷനിൽ സർക്കാർ അനുമതി ഇല്ലാതെ പി.എ. തസ്തിക സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സാക്ഷരതാമിഷനിൽ പി.എ തസ്തിക സൃഷ്ടിച്ചിട്ടില്ല. |
| (ബി) | മതിയായ യോഗ്യതയില്ലാത്ത ആൾക്ക് പി.എ.യുടെ അധികചുമതല നൽകിയതും സ്പെഷ്യൽ അലവൻസ് അനുവദിച്ചതും റദ്ദാക്കിക്കൊണ്ട് 2018 ജനുവരിയിൽ സർക്കാർ ഉത്തരവിറക്കിയിരുന്നോ; | (ബി) | സാക്ഷരതാ മിഷനിൽ പി.എ. തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പി.എ തസ്തികയ്ക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല. നിലവിലുള്ള ജീവനക്കാർക്ക് ആർക്കെങ്കിലും പി.എ യുടെ അധിക ചുമതല മുൻകാലങ്ങളിൽ നൽകി വന്നിരുന്നു. ഈ കീഴ്‌വഴക്കം തുടർന്നുവരുന്നു. 2012-ൽ ഡെപ്യൂട്ടേഷൻവ്യവസ്ഥയിൽ ഒരു ഉദ്യോഗസ്ഥനെ സർക്കാർ ഉത്തരവ് പ്രകാരം പി.എ ആയി നിയമിച്ചിരുന്നു. 2016-ൽ സാക്ഷരതാ മിഷനിലെ ഒരു ജീവനക്കാരന് ഡയറക്ടറുടെ പി.എ ജോലികൾക്കായി അധിക ചുമതലനൽകുകയും ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. 21.02.2017-ലെ 52-ാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ടിയാൻ നിർവ്വഹിച്ച അധിക ചുമതലക്ക് 3 മാസം അലവൻസ് നൽകാനും ഡയറക്ടർക്ക് പി.എ തസ്തിക ആവശ്യമെങ്കിൽ ആയതിന് സർക്കാരിന്റെ അനുവാദം വാങ്ങാൻ ഡയറക്ടറെ ചുമതലപ്പെടുത്താനും തീരുമാനിച്ചിരുന്നു. ആ തീരുമാനപ്രകാരം ടിയാൻ നിർവ്വഹിച്ച ചുമതലയ്ക്ക് 20.09.2016 മുതൽ 19.12.2016 വരെയുള്ള 3 മാസത്തേക്ക് അലവൻസ് നൽകുകയുണ്ടായി. പുതിയ തസ്തിക സൃഷ്ടിച്ച് ഒരാളെ നിയമിക്കുകയാണെങ്കിൽ വലിയൊരു തുക ശമ്പളയിനത്തിൽ നൽകേണ്ടിവരുമെന്നതിനാൽ പ്രസ്തുത തസ്തിക ആവശ്യമില്ല. പി.എയുടെ അധിക ചുമതല നിർവ്വഹിച്ചുവരുന്ന ജീവനക്കാരന് അലവൻസ് മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ നൽകാതെ അധിക ചുമതല നിലനിർത്തി വരികയാണ്. പി.എ യുടെ അധിക ചുമതല നൽകിയതും സ്പെഷ്യൽ അലവൻസ് അനുവദിച്ചതും റദ്ദാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിനു ശേഷവും ഇദ്ദേഹം അനധികൃതമായി പി.എ. തസ്തികയിൽ തുടരുന്നതിന് കാരണമായ സാഹചര്യം വ്യക്തമാക്കുമോ? | (സി) | സാക്ഷരതാ മിഷനിൽ പി.എ. തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പി.എ തസ്തികയ്ക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല. നിലവിലുള്ള ജീവനക്കാർക്ക് ആർക്കെങ്കിലും പി.എ യുടെ അധിക ചുമതല മുൻകാലങ്ങളിൽ നൽകി വന്നിരുന്നു. ഈ കീഴ്‌വഴക്കം തുടർന്നുവരുന്നു. 2012-ൽ ഡെപ്യൂട്ടേഷൻവ്യവസ്ഥയിൽ ഒരു ഉദ്യോഗസ്ഥനെ സർക്കാർ ഉത്തരവ് പ്രകാരം പി.എ ആയി നിയമിച്ചിരുന്നു. 2016-ൽ സാക്ഷരതാ മിഷനിലെ ഒരു ജീവനക്കാരന് ഡയറക്ടറുടെ പി.എ ജോലികൾക്കായി അധിക ചുമതലനൽകുകയും ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. 21.02.2017-ലെ 52-ാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ടിയാൻ നിർവ്വഹിച്ച അധിക ചുമതലക്ക് 3 മാസം അലവൻസ് നൽകാനും ഡയറക്ടർക്ക് പി.എ തസ്തിക ആവശ്യമെങ്കിൽ ആയതിന് സർക്കാരിന്റെ അനുവാദം വാങ്ങാൻ ഡയറക്ടറെ ചുമതലപ്പെടുത്താനും തീരുമാനിച്ചിരുന്നു. ആ തീരുമാനപ്രകാരം ടിയാൻ നിർവ്വഹിച്ച ചുമതലയ്ക്ക് 20.09.2016 മുതൽ 19.12.2016 വരെയുള്ള 3 മാസത്തേക്ക് അലവൻസ് നൽകുകയുണ്ടായി. പുതിയ തസ്തിക സൃഷ്ടിച്ച് ഒരാളെ നിയമിക്കുകയാണെങ്കിൽ വലിയൊരു തുക ശമ്പളയിനത്തിൽ നൽകേണ്ടിവരുമെന്നതിനാൽ പ്രസ്തുത തസ്തിക ആവശ്യമില്ല. പി.എയുടെ അധിക ചുമതല നിർവ്വഹിച്ചുവരുന്ന ജീവനക്കാരന് അലവൻസ് മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ നൽകാതെ അധിക ചുമതല നിലനിർത്തി വരികയാണ്. പി.എ യുടെ അധിക ചുമതല നൽകിയതും സ്പെഷ്യൽ അലവൻസ് അനുവദിച്ചതും റദ്ദാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ